# കോൾഗേറ്റിന്റെ 'രണ്ടര മടങ്ങ്' പരസ്യം നിരോധിച്ചു

**കോ**ൾഗേറ്റ് ഡബിൾ പ്രൊട്ടക്ഷൻ ഡന്റൽ ക്രീമിന്റെ "ഇതു മറ്റു സാധാരണ ടൂത്ത് പേസ്റ്റുകളേക്കാൾ രണ്ടര മടങ്ങ് നന്നായി പ്രവർത്തിക്കും" എന്ന പരസ്യം നിരോധിച്ചുകൊണ്ട് ഉത്തരവിറങ്ങിയിരിക്കുന്നു. കച്ചവട കുത്തകകളേയും അവരുടെ വില്പന തന്ത്രങ്ങളെയും നിരീക്ഷിക്കാനുള്ള എം.ആർ.ടി.പി. കമ്മീഷനാണ് ഹിന്ദുസ്ഥാൻ ലീവർ നല്കിയ ഒരു പരാതിയുടെ അടിസ്ഥാനത്തിൽ നിരോധന ഉത്തരവിട്ടിരിക്കുന്നത്. "സാധാരണ ടൂത്ത് പേസ്റ്റ്" എന്ന പ്രയോഗത്തിന്റെ പരിധിയിൽ വരുന്ന ഒരു ടൂത്ത് പേസ്റ്റും ചൂണ്ടിക്കാണിക്കാൻ കോൾഗേറ്റ് കമ്പനിക്കായില്ലത്രേ. അതുകൊണ്ടാണ് 'വാസ്തവത്തിൽ നിലവിലില്ലാത്തതും തികച്ചും ഭാവനാസൃഷ്ടിയുമായ ഒരു സാധനവുമായി താരതമ്യം നടത്തിക്കൊണ്ട് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യം' എന്ന നിലയിൽ ഈ പരസ്യം തടഞ്ഞിരിക്കുന്നത്.